# അഞ്ചാം ധനകാര്യ കമ്മീഷൻ

**ചർച്ചക്കുള്ള വിഷയങ്ങൾ**

1) സംരക്ഷണ ഫണ്ട് (Maintenance Fund) പ്രാദേശിക സർക്കാരുകൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ (റോഡ്, റോഡിതരം) സംരക്ഷണത്തിനു നൽകുന്ന തുകയാണ്. ഈ തുക സംരക്ഷണത്തിനു പുറമെ പ്രവർത്തന ചെലവിനും മറ്റും ഉപയോഗിക്കുന്നു. ഈ ഫണ്ട് പ്രാദേശിക സർക്കാറുകളുടെയും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെയും ആസ്തികളുടെ സംരക്ഷണത്തിനു മാത്രമായി പരിമിതപ്പെടുത്തുക. പ്രവർത്തന ഫണ്ട് പൊതു ആവശ്യ ഫണ്ടിൽ നിന്നും ചെലവാക്കുക.
2) വികസന ഫണ്ട് (Development/ Plan Fund) നിർമ്മാണ പ്രവർത്തനങ്ങൾക്കും, മൂലധന ചെലവിനും മറ്റു ക്ഷേമപരിപാടികൾക്കും ഉപയോഗിക്കുന്ന ഫണ്ടാണ്. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ എല്ലാ മൂലധന ചെലവുകൾക്കും ഈ ഫണ്ടിൽ നിന്നും മാത്രം ചെലവഴിയ്ക്കണം (നിലവിൽ ചില മൂലധന ചെലവുകൾ സംരക്ഷണ ഫണ്ടിൽ നിന്നു ചെലവാക്കുന്നു).
3) പൗരധർമ്മവുമായി ബന്ധപ്പെട്ട അനിവാര്യ ചുമതലകൾ നിർവഹിയ്ക്കാൻ (civic function) പ്രാദേശിക സർക്കാറുകൾ പൊതുവിൽ പരാജയപ്പെടുന്നു. (ഖരമാലിന്യങ്ങൾ ശേഖരിക്കുക, ദ്രവമാലിന്യം നീക്കം ചെയ്യുക, പൊതു മാർക്കറ്റുകളും സ്ഥലങ്ങളും വൃത്തിയാക്കുക, കൊതുകു നിവാരണം, തെരുവു വിളക്കുകൾ കത്തിക്കുക, ശവപറമ്പ്, ശ്മശാനങ്ങൾ, വാഹന പാർക്കിംഗ് താവളങ്ങൾ, വെയിറ്റിംഗ് ഷെഡ്ഡുകൾ തുടങ്ങിയവ പണിയുക, പൊതു കക്കൂസുകൾ നടത്തുക, അറവു കേന്ദ്രങ്ങൾ പണിയുക, തെരുവു നായ്ക്കളെ നിയന്ത്രിക്കുക, ചേരി പ്രദേശങ്ങളുടെ ശുചീകരണം തുടങ്ങിയവ). ഇതിനു വേണ്ടി പണം ചെലവാക്കാൻ ഇന്നത്തെ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ പ്രാധാന്യം നൽകിയിട്ടില്ല. ഇതു പരിഹരിയ്ക്കാൻ താഴെ പറയുന്ന നടപടികൾ ആവശ്യമാണ്:
   തനതു ഫണ്ട്, പൊതു ആവശ്യ ഫണ്ട്, വികസന ഫണ്ട് എന്നിവയുടെ ഒരു ഭാഗം ഇതിനു വേണ്ടി വിനിയോഗിയ്ക്കണമെന്ന് നിബന്ധന ഏർപ്പെടുത്തുക.
4) വികസന ഫണ്ട് മേഖല തിരിച്ച് ചെലവാക്കണമെന്ന മാനദണ്ഡമാണ് ഇപ്പോഴുള്ളത് (ഉത്പാദന മേഖല, പശ്ചാത്തല മേഖല, സേവന മേഖല). ഈ മാനദണ്ഢം പ്രശ്നം സൃഷ്ടിക്കുന്നുവെന്നും പ്രാദേശിക സർക്കാറുകൾക്ക് മേഖല തിരിച്ചുള്ള വിഭജനത്തിന് പൂർണ്ണ സ്വാതന്ത്ര്യം നല്കണമെന്നും അവർ ആവശ്യപ്പെടുന്നു.
5) കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ചില സ്കീമുകളുടെ ഒരു നിശ്ചിത വിഹിതം പ്രാദേശിക സർക്കാരുകൾ നിർബന്ധമായും വകയിരുത്തണമെന്ന നിർദ്ദേശം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഉദാഹരണം ഐ.എ.വൈ (IAY). ഈ പദ്ധതിക്കു വേണ്ടി ബ്ലോക്ക് പഞ്ചായത്തുകൾ വൻ തുക കടമെടുക്കുകയും തന്മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്ഥിതിയും ഉണ്ടായി. ഇത്തരം പദ്ധതികൾക്ക് പ്രാദേശിക സർക്കാറുകളുടെ

വികസന ഫണ്ടിൽ നിന്നും തുക മാറ്റി വയ്ക്കണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് അവർ ആവശ്യപ്പെടുന്നു.

6) നികുതിയും നികുതി ഇതര നിരക്കുകളും കാലാകാലം വർദ്ധിപ്പിയ്ക്കാത്തതിനാൽ പ്രാദേശിക സർക്കാരുകൾ ധനപ്രതിസന്ധിയിലാണ്. ഈ നിരക്കുകൾ ഓരോ അഞ്ചു വർഷവും വർദ്ധിപ്പിയ്ക്കാൻ നടപടികൾ ആവശ്യമാണ്. ഇതിനായി ധനകാര്യ കമ്മീഷനെ നിയമപരമായി ചുമതലപ്പെടുത്തുന്നതിനു ബന്ധപ്പെട്ട നിയമത്തിൽ മാറ്റം വരുത്താവുന്നതാണ്.

7) പ്രാദേശിക സർക്കാരുകളുടെ പദ്ധതി പ്രവർത്തനം മോശമാകാനുള്ള ഒരു പ്രധാന കാരണം പ്രോജക്ടുകളുടെ എണ്ണക്കൂടുതലാണ്. ഇതു കുറയ്ക്കുന്നതിനെ കുറിച്ച് ഗൗരവമായി ചിന്തിയ്ക്കേണ്ടതാണ് ***(പട്ടിക)***

***<u>2014-15-ൽ നടപ്പിലാക്കിയ ശരാശരി പ്രോജക്ടുകളുടെ എണ്ണം</u>***

| | ***എണ്ണം*** |
|---|---|
| ഗ്രാമപഞ്ചായത്ത് | 116 |
| ബ്ലോക്ക് പഞ്ചായത്ത് | 49 |
| ജില്ലാ പഞ്ചായത്ത് | 733 |
| മുനിസിപ്പൽ കോർപറേഷൻ | 1051 |
| മുനിസിപ്പാലിറ്റി | 208 |

8) പ്രാദേശിക സർക്കാറുകൾക്ക് നിയമ ഭേദഗതി വഴി താഴെ പറയുന്ന കാര്യങ്ങൾക്ക് കൂടുതൽ അധികാരം നല്കുക:

   1. *നികുതി നൽകാത്തവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിയ്ക്കാനുള്ള അധികാരം.*
   2. *നികുതി, നികുതിഇതര കുടിശ്ശിക പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി അധികാരം.*
   3. *നിയമത്തിൽ അനുശാസിക്കുന്ന അനിവാര്യ ചുമതലകൾക്കു വേണ്ടി പ്രാദേശിക സർക്കാറുകളുടെ അധികാര പരിധിയിലുള്ള ഭൂമി ഏറ്റെടുക്കാനുള്ള അധികാരം.*
   4. *ഖരദ്രവ മാലിന്യ നിർമ്മാർജനം, പരിസ്ഥിതി മലിനീകരണം, പൊതു ആരോഗ്യ പരിപാലനം തുടങ്ങിയവക്കുള്ള പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കാനും നടപ്പിലാക്കാനുമുള്ള അധികാരം.*

9) മുനിസിപ്പാലിറ്റി, കോർപറേഷൻ ജീവനക്കാരുടെ പെൻഷൻ വിതരണം സർക്കാർ ഏറ്റെടുക്കണമെന്ന പ്രാദേശിക സർക്കാറുകളുടെ ആവശ്യം.

10) പ്രാദേശിക സർക്കാറുകളുടെ ജനപ്രതിനിധികളുടെ ഹോണറേറിയം വർദ്ധന.

11) പ്രാദേശിക സർക്കാറുകളുടെ വർദ്ധിച്ചു വരുന്ന ചുമതലകൾ നിറവേറ്റാൻ വേണ്ടത്ര ജീവനക്കാരുടെ അഭാവം പരിഹരിക്കുക.